# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04-06-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി വെനസ്വേല ആക്ടിങ് പ്രസിഡൻറ് ഡെൽസി റോഡ്രിഗസുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി . വെനിസ്വേലയുമായുള്ള ഊർജ്ജ പങ്കാളിത്തം ഇന്ത്യ ശക്തിപ്പെടുത്തുമെന്ന് വിദേശകാര്യ മന്ത്രാലയം.

   Prime Minister Narendra Modi met Venezuelan Acting President Delcy Rodríguez in New Delhi. The Ministry of External Affairs said India will strengthen its energy partnership with Venezuela.

2. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച ധവളപത്രം നിയമസഭയിൽ വച്ച് സംസ്ഥാന സർക്കാർ. മൊത്തം കടബാധ്യത 5.07 ലക്ഷം കോടി രൂപ.

   Kerala Government tabled a White Paper on Kerala’s financial situation in the Legislative Assembly. The total debt burden stands at ₹5.07 lakh crore.

3. വടക്കുകിഴക്കൻ മേഖലയിൽ നിലനിന്നിരുന്ന അക്രമങ്ങൾക്ക് നരേന്ദ്ര മോദി സർക്കാർ വിരാമമിട്ടതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   Union Home Minister Amit Shah said the Narendra Modi Government has brought an end to the violence that had persisted in the North-Eastern region.

4. വ്യോമയാന മേഖലയ്ക്കായി ഇന്ധന വില സ്ഥിരത ഫണ്ട് രൂപീകരിക്കാനുള്ള കേന്ദ്ര തീരുമാനം പൊതുജനതാൽ പര്യം മുൻനിർത്തിയെന്ന് സിവിൽ വ്യോമയാന മന്ത്രാലയം.

The Ministry of Civil Aviation said the Centre's decision to establish a Fuel Price Stabilisation Fund for the aviation sector is aimed at safeguarding public interest.

5. പരീക്ഷാനടത്തിപ്പിൽ വിശ്വാസ്യത മെച്ചപ്പെടുത്തുന്നതിനായി മുഖം തിരിച്ചറിയൽ സംവിധാനത്തിന് രൂപം നൽകി യു.പി.എസ്.സി.

The UPSC has developed a facial recognition system to enhance the credibility and integrity of the examination process.

6. കാലവർഷം ഇന്ന് കേരളത്തിലെത്തി. അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. എട്ട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

The southwest monsoon arrived in Kerala today. The India Meteorological Department has forecast extremely heavy rainfall. Orange alert has been issued in eight districts today.

*****************************************

## MEA - PM-VENEZUELA PREZ (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി വെനിസ്വേലൻ ആക്ടിംഗ് പ്രസിഡന്റ് ഡെൽസി റോഡ്രിഗസ്സുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഊർജ്ജം, വ്യാപാരം, നിക്ഷേപം തുടങ്ങി വിവിധ മേഖലകളിൽ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ഇരു നേതാക്കളും ധാരണയിലെത്തി. ലോകത്തെ ഏറ്റവുമധികം എണ്ണ ശേഖരമുള്ള രാജ്യങ്ങളിൽ ഒന്നായ വെനിസ്വേലയുമായി, ശക്തമായ ഊർജ്ജ പങ്കാളിത്തം സ്ഥാപിക്കുന്നതിന് ഇന്ത്യ മുൻഗണന നൽകുമെന്ന് വിദേശകാര്യ മന്ത്രാലയ സെക്രട്ടറി രുദ്രേന്ദ്ര ടണ്ടൻ ചർച്ചയ്ക്ക് ശേഷം മാധ്യമങ്ങളോട് പറഞ്ഞു. വരും വർഷങ്ങളിലെ ഏറ്റവും വിശ്വസനീയ ഉപഭോക്താവായാണ് ഇന്ത്യയെ വെനസ്വേല കാണുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

അഞ്ച് ദിവസത്തെ സന്ദർശനത്തിനായാണ് വെനിസ്വേലൻ ആക്ടിംഗ് പ്രസിഡൻറിൻറെ നേതൃത്വത്തിലുള്ള ഉന്നതതല സംഘം ഇന്നലെ ഇന്ത്യയിലെത്തിയത്.

*********************************************

## PM – YOGA

ഇന്ത്യ മാനവരാശിയ്ക്ക് നൽകിയ കാലാതീതമായ സംഭാവനയാണ് യോഗ എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആരോഗ്യകരമായ ലോകത്തിന് യോഗ പ്രചോദനം നൽകുന്നതായും ഗുജറാത്തിലെ അഹമ്മദാബാദിൽ ഇന്നാരംഭിച്ച പ്രഥമ ലോക യോഗാസന സ്പോർട്സ് ചാമ്പ്യൻഷിപ്പിനെ വിർച്വലായി അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. അഞ്ച് ദിവസത്തെ ചാമ്പ്യൻഷിപ്പിൽ അമേരിക്ക ഉൾപ്പെടെ 60 രാജ്യങ്ങളിൽ നിന്നുള്ള 400-ലധികം താരങ്ങളാണ് പങ്കെടുക്കുന്നത്.

*********************************************

## WHITE PAPER (INTRO)

ഗവർണറുടെ നയപ്രഖ്യാപനത്തിന്മേൽ നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപം പാസ്സാക്കിയ ശേഷം നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. ബജറ്റ് അവതരണത്തിനായി ജൂൺ 19 ന് സമ്മേളനം പുനരാരംഭിക്കും. കേരളത്തിൻറെ ധനസ്ഥിതി സംബന്ധിച്ച ധവളപത്രം മുഖ്യമന്ത്രി വി.ഡി. സതീശൻ ഇന്ന് നിയമസഭയുടെ മേശപ്പുറത്ത് വച്ചു. 5.07 ലക്ഷം കോടി രൂപയാണ് സംസ്ഥാനത്തിൻറെ ആകെ കടബാധ്യതയെന്ന് ധവളപത്രത്തിൽ പറയുന്നു. വരുമാനത്തിൻറെ 77 ശതമാനവും ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്കായാണ് ചിലവാകുന്നത്. നികുതി വർദ്ധനയ്ക്കപ്പുറം ഭരണസംവിധാനത്തിലും പൊതുമേഖലാ സ്ഥാപനങ്ങളിലും

കാതലായ മാറ്റങ്ങൾ വരുത്തിയാൽ മാത്രമേ നിലവിലെ പ്രതിസന്ധി മറികടക്കാൻ സാധിക്കൂ എന്നും ധവളപത്രത്തിൽ പറയുന്നു.

**വിശദാംശങ്ങളിലേക്ക്.............**

(വോയ്സ്)

**WHITE PAPER (VO)**

സർക്കാർ ജീവനക്കാരുടെയും, പെൻഷൻകാരുടെയും ഡിഎ, ഡിആർ കുടിശിഖ ഇനത്തിൽ 48,733 കോടി രൂപയുടെ ബാധ്യതയാണുള്ളത്. 21,000 കോടിയാണ് കിഫ്ബിയുടെ വായ്പാബാധ്യത. പൊതുമേഖല സ്ഥാപനങ്ങളുടെ സഞ്ചിതനഷ്ടം 78,851 കോടിയാണ്. കെ.എസ്.ആർ.ടി.സി, വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളാണ് വലിയ നഷ്ടത്തിന് കാരണം. കിഫ്ബി സ്വതന്ത്രമായി വായ്പ എടുക്കുന്നത് നിർത്തണമെന്നാണ് ധവളപത്രത്തിലെ പ്രധാന ശിപാർശ. പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിഷ്കരണമാണ് മറ്റൊരു നിർദ്ദേശം. ലാഭകരമായി പ്രവർത്തിക്കുന്ന ബിവറേജസ് കോർപ്പറേഷനെ, നഷ്ടത്തിലുള്ള സപ്ലൈകോയുമായി ലയിപ്പിക്കുക എന്ന നിർദ്ദേശവും ധവളപത്രം മുന്നോട്ട് വയ്ക്കുന്നു. തുടർച്ചയായി നഷ്ടം വരുത്തുന്നതും കാലാനുസൃതമല്ലാത്തതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടാനോ സ്വകാര്യവൽക്കരിക്കാനോ സർക്കാർ തയ്യാറാകണമെന്നും നിർദ്ദേശമുണ്ട്. ശമ്പള-പെൻഷൻ ബാധ്യതകൾ കുറയ്ക്കുന്നതിനായി വിരമിക്കൽ പ്രായം വർദ്ധിപ്പിക്കണമെന്നും ധവളപത്രത്തിൽ പറയുന്നു. ന്യൂസ് ഡസ്ക്, **ആകാശവാണി...**

************************************

**WHITE PAPER RESPONSE**

സംസ്ഥാനത്തിന്റെ സാമ്പത്തിക അവസ്ഥ ജനങ്ങളോട് തുറന്നുപറയുന്നതിനായാണ് ധവളപത്രം തയ്യാറാക്കിയതെന്നും

ഇത് രാഷ്ട്രീയ രേഖ അല്ലെന്നും മുഖ്യമന്ത്രി വി ഡി സതീശൻ. പുതിയ സർക്കാർ അവതരിപ്പിക്കാൻ പോകുന്ന ബജറ്റിന്റെ പശ്ചാത്തലത്തിലാണ് ധവളപത്രം തയ്യാറാക്കിയതെന്നും മുഖ്യമന്ത്രി പറഞ്ഞു. അതീവ രഹസ്യസ്വഭാവമുള്ള ഔദ്യോഗിക രേഖകൾ പുറത്ത് നൽകിയാണ് ധവളപത്രം തയ്യാറാക്കിയതെന്ന് പ്രതിപക്ഷം വിമർശനം ഉന്നയിച്ചു. ധനകാര്യവകുപ്പിനെ ഇരുട്ടിൽ നിർത്തിക്കൊണ്ടാണ് നടപടിയെന്ന് പ്രതിപക്ഷനേതാവ് പിണറായി വിജയൻ വിമർശിച്ചു. സംസ്ഥാനത്തിൻറെ കടബാധ്യത സംബന്ധിച്ച് എൽഡിഎഫ് സർക്കാർ അറിയിച്ചിരുന്ന കാര്യങ്ങൾ ശരിയാണെന്ന് ധവളപത്രം തെളിയിക്കുന്നതായി മുൻ ധനമന്ത്രി കെ.എൻ ബാലഗോപാൽ പറഞ്ഞു. കേന്ദ്രത്തിൽ നിന്നുള്ള ഗ്രാൻറുകൾ ഗണ്യമായി കുറഞ്ഞതാണ് കടബാധ്യത ഉയരാൻ കാരണമെന്നും, ഉമ്മൻ ചാണ്ടി സർക്കാരിൻറെ കാലത്ത് 3,300 കോടി രൂപയായിരുന്ന പ്രതിമാസ റവന്യൂ വരുമാനം 11,000 കോടി രൂപയിലെത്തിക്കാൻ ഇടത് സർക്കാരിന് സാധിച്ചതായും അദ്ദേഹം വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. സംസ്ഥാന സർക്കാർ പുറത്തിറക്കിയ ധവളപത്രത്തിലെ കാര്യങ്ങൾ നിയമസഭയിലും പൊതുസമൂഹത്തിലും ചർച്ച ചെയ്യണമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ എംഎൽഎ മാധ്യമങ്ങളോട് പറഞ്ഞു.

*********************************************

## NEC MEETING

വടക്കുകിഴക്കൻ മേഖലയിൽ നിലനിന്നിരുന്ന അക്രമങ്ങൾക്ക് നരേന്ദ്ര മോദി സർക്കാർ വിരാമമിട്ടതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഷില്ലോങ്ങിൽ നടന്ന വടക്കുകിഴക്കൻ കൗൺസിലിന്റെ 73-ാമത് പ്ലീനറി സമ്മേളനത്തിന് ശേഷം സമൂഹ മാധ്യമത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത് . അവസരങ്ങളുടെ കേന്ദ്രമായി വടക്കുകിഴക്കൻ മേഖല മാറിയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

******************************

## RAJNATH SINGH – DEFENCE SERVICES

പ്രതിരോധ മേഖലയിലെ പ്രവർത്തനക്ഷമത വർധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കര, വ്യോമ, നാവികസേനാ ഫീൽഡ് കമാൻഡർമാരുടെ സാമ്പത്തിക അധികാര പരിധി ഇരട്ടിപ്പിച്ച് രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ് . കരാറുകളും പദ്ധതികളും വേഗത്തിലാക്കാനും, പ്രതിരോധ സേനകൾക്ക് ആവശ്യമായ വിഭവങ്ങൾ യഥാസമയം ലഭ്യമാക്കാനും നടപടി സഹായിക്കും.

******************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

******************************

## GOVT-WEST ASIA BRIEF (INTRO)

പശ്ചിമേഷ്യൻ പ്രതിസന്ധി കണക്കിലെടുത്ത്, വ്യോമയാന മേഖലയ്ക്കായി പതിനായിരം കോടി രൂപയുടെ ഇന്ധന വില സ്ഥിരത ഫണ്ട് രൂപീകരിക്കാനുള്ള കേന്ദ്ര മന്ത്രിസഭയുടെ തീരുമാനം പൊതുജന താൽപര്യം മുൻനിർത്തിയാണെന്ന് സിവിൽ വ്യോമയാന മന്ത്രാലയം. വിമാന സർവീസുകൾ സുഗമമാക്കുന്നതിനും, യാത്രക്കാർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും പ്രഖ്യാപനം സഹായിക്കുമെന്നും വ്യോമയാന മന്ത്രാലയ ഡയറക്ടർ രോഹിത് രാജ് ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. വിമാന ഇന്ധനത്തിൻറെ അസാമാന്യമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള താൽക്കാലിക സംവിധാനമാണിതെന്നും അദ്ദേഹം വ്യക്തമാക്കി.

(വോയിസ് )

*****************************************

## UPSC- FACE AUTHENTICATION

പരീക്ഷാനടത്തിപ്പിൽ വിശ്വാസത മെച്ചപ്പെടുത്തുന്നതിനും ആൾമാറാട്ടം തടയാനുമായി മുഖം തിരിച്ചറിയൽ സംവിധാനം വികസിപ്പിച്ച് യു.പി.എസ്.സി. 2026-ലെ സിവിൽ സർവീസ്, ഇന്ത്യൻ ഫോറസ്റ്റ് സർവീസ് പ്രിലിമിനറി പരീക്ഷകളിൽ ഈ സംവിധാനം വിജയകരമായി നടപ്പിലാക്കിയതായി കമ്മീഷൻ അറിയിച്ചു. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ഉദ്യോഗാർത്ഥി അപ്‌ലോഡ് ചെയ്ത ഫോട്ടോയും പരീക്ഷ എഴുതാനെത്തുന്ന ആളും ഒരാളാണെന്ന് ഉറപ്പാക്കുകയാണ് സംവിധാനത്തിന്റെ ലക്ഷ്യം. മൊബൈൽ അധിഷ്ഠിത വേരിഫിക്കേഷൻ സംവിധാനം, ഇലക്ട്രോണിക്സ്-ഐടി മന്ത്രാലയത്തിന് കീഴിലുള്ള ദേശീയ ഇ-ഗവേണൻസ് വിഭാഗത്തിന്റെ സഹായത്തോടെയാണ് വികസിപ്പിച്ചത്.

*****************************************

## SC- DRAFT AI RULES

കോടതികളിൽ നിർമിത ബുദ്ധിഉപയോഗിക്കുന്നത് സംബന്ധിച്ച കരട് ചട്ടങ്ങൾ പുറത്തിറക്കി സുപ്രീം കോടതി. കേസ് മാനേജ്മെന്റ്, നിയമ ഗവേഷണം, വിവർത്തനം തുടങ്ങിയ സഹായ പ്രവർത്തനങ്ങൾക്ക് നിർമിത ബുദ്ധി ഉപയോഗിക്കാമെങ്കിലും, വിധി പുറപ്പെടുവിക്കാനോ ശിക്ഷ നിശ്ചയിക്കുവാനോ നിർമിത ബുദ്ധിയുടെ ഉപയോഗം പാടില്ലെന്ന് നിർദ്ദേശത്തിൽ പറയുന്നു. വിഷയത്തിൽ പൊതുജനങ്ങൾക്ക് ഈ മാസം 20 വരെ അഭിപ്രായങ്ങൾ അറിയിക്കാം.

*****************************************

## BIHAR-FIRE

ബിഹാറിലെ മുസാഫർപൂരിൽ, സ്വകാര്യ ആശുപത്രിയിലുണ്ടായ തീപിടിത്തത്തിൽ മരിച്ചവരുടെ എണ്ണം അഞ്ചായി. ഷോർട്ട്

സർക്യൂട്ടാണ് തീപിടിത്തത്തിന് കാരണമായതെന്നാണ് പ്രാഥമിക നിഗമനം.

****************************************

## RAIN

കാലവർഷം ഇന്ന് കേരളത്തിലെത്തി. സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള എട്ട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. നാളെ എട്ട് ജില്ലകളിലും, മറ്റന്നാൾ 11 ജില്ലകളിലും ഓറഞ്ച് ജാഗ്രതയും മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, മലവെള്ളപ്പാച്ചിൽ എന്നിവയ്ക്ക് സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ അധികൃതരുടെ നിർദ്ദേശാനുസരണം സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറി താമസിക്കണമെന്ന് നിർദ്ദേശമുണ്ട്. കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

****************************************

## WORLD BOXING RANKINGS

ലോക ബോക്സിങ് റാങ്കിങ്ങിൽ മികച്ച നേട്ടവുമായി ഇന്ത്യൻ താരങ്ങൾ. 57 കിലോഗ്രാം വനിതാ വിഭാഗത്തിൽ ഇന്ത്യയുടെ ജയിസ്മിൻ ലംബോറിയ ഒന്നാമതെത്തി. ഏഷ്യൻ ചാമ്പ്യന്മാരായ പ്രിയ ഖൻഗാസ് 60 കിലോഗ്രാം വിഭാഗത്തിലും വിശ്വനാഥ് സുരേഷ് 50 കിലോഗ്രാം വിഭാഗത്തിലും മുന്നിലെത്തിയിട്ടുണ്ട്. നിഖത് സറീൻ, ലവ്ലിന ബൊർഗൊഹൈൻ എന്നീ പ്രശസ്ത താരങ്ങളും റാങ്കിങ്ങിൽ മികച്ച സ്ഥാനം നിലനിർത്തി.

******************************************************************************************